വർദ്ധിച്ചിട്ടുള്ളതും, ചില അപേക്ഷകളിന്മേൽ വെരിഫിക്കേഷൻസ് നടത്തിയതിലുണ്ടായ താമസവും ഈ സംഗതിയിൽ കാലതാമസത്തിന് കാരണമായിരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന തുക എത്രയും പെട്ടെന്ന് അപേക്ഷകന് എത്തിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

## (2) എം.ജി. കോളേജിലെ എസ്.എഫ്.ഐ. വിദ്യാർത്ഥികൾക്കു നേരെയുള്ള ആക്രമണം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, തിരുവനന്തപുരം മഹാത്മാഗാന്ധി കോളേജിൽ ഇപ്പോൾ ആർ.എസ്.എസ്., ബി.ജെ.പി., എ.ബി.വി.പി. വിഭാഗങ്ങളുടെ കിരാത വാഴ്ചയാണ് നടക്കുന്നത്. ഇതര വിദ്യാർത്ഥി സംഘടനകൾക്ക് പ്രവർത്തന സ്വാതന്ത്ര്യം പൂർണ്ണമായിട്ട് നിഷേധിച്ചിരിക്കുകയാണ്. നിരന്തരം ആവർത്തിക്കപ്പെടുന്ന മർദ്ദനങ്ങളും പീഢനമുറകളുംമൂലം വിദ്യാർത്ഥികളുടെ അക്കാഡമിക് ഭാവി തകർക്കപ്പെടുകയാണ്. വിദ്യാർത്ഥികളുടെ മത സ്വാതന്ത്ര്യംപോലും നിഷേധിക്കുന്ന തരത്തിലുള്ള ഭീകരവാഴ്ചയാണ് എം.ജി. കോളേജിൽ ദൃശ്യമാകുന്നത്. മത വിശ്വാസപ്രകാരം കൊന്ത ധരിച്ചുവരുന്ന വിദ്യാർത്ഥികളുടെ കൊന്ത പൊട്ടിച്ച് ദൂരെ എറിയുന്ന പ്രാകൃതമായ വർഗ്ഗീയ വൽക്കരണം ഇവിടെ ഒരു പതിവ് കാഴ്ചയായിരിക്കുകയാണ്. കൊലപാതകമുൾപ്പെടെയുള്ള ക്രിമിനൽ കേസുകളിൽ പ്രതികളായിട്ടുള്ള ഇവിടത്തെ വിദ്യാർത്ഥികളല്ലാത്ത അക്രമിസംഘം കോളേജ് യൂണിയൻ ഓഫീസിൽ ക്യാമ്പ് ചെയ്താണ് അക്രമങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. വിദ്യാർത്ഥികളുൾപ്പെടെയുള്ളവരെ നിർബന്ധം ചെലുത്തി എ.ബി.വി.പി.യിൽ ചേർക്കുക, ഭീഷണിപ്പെടുത്തി പ്രകടനങ്ങളിൽ പങ്കെടുപ്പിക്കുക, ബലമായി സിന്ദൂരം തൊടുവിക്കുക എന്നിത്യാദി പ്രവർത്തനങ്ങളാണ് ആർ.എസ്.എസ്.-ന്റെ നേതൃത്വത്തിലുള്ള വാടക ഗുണ്ടാസംഘം നടത്തുന്നത്. അതിന് മാനേജുമെന്റും കൂട്ടുനിൽക്കുകയാണ്. അധ്യാപകരെപ്പോലും ഭീഷണിപ്പെടുത്തി നിശബ്ദരാക്കി നിറുത്തിയിരിക്കുന്ന കാഴ്ച ഈ സ്ഥാപനത്തിൽ കാണാൻ കഴിയും. കഴിഞ്ഞ രണ്ടാഴ്ചയ്ക്കു മുമ്പേ ഷാനവാസ് എന്ന പ്രീഡിഗ്രി വിദ്യാർത്ഥിക്ക് നേരിടേണ്ടിവന്ന അതിഭീകരമായ മർദ്ദനമുറകൾ മനഃസാക്ഷിയുള്ളവരെ ഞെട്ടിപ്പിക്കുന്നതാണ്. തൊട്ടടുത്തുള്ള മാർ ഇവാനിയോസ് കോളേജിലെ എസ്.എഫ്.ഐ. വിദ്യാർത്ഥി നേതാവായ രഞ്ജിത്തിനെ സ്വന്തം സഹോദരിയുടെ മുമ്പിലിട്ടാണ് നിഷ്ഠൂരമായി മർദ്ദിച്ച് അവശനാക്കിയത്. ആർ.എസ്.എസ്. അക്രമിസംഘത്തിന്റെ അക്രമഭീഷണി നിമിത്തം പതിനഞ്ചോളം വിദ്യാർത്ഥികൾ കഴിഞ്ഞ ഒരു മാസക്കാലമായി കോളേജിൽ കടക്കാനാവാതെ പുറത്തുനിൽക്കുകയാണ്. അവർക്ക് പഠനം തുടരാൻ ആവശ്യമായ സാഹചര്യം ഒരുക്കണം. ഭീകര വിദ്യാർത്ഥി പ്രവർത്തന ശൈലി മുഖമുദ്രയായിട്ടുള്ള എം.ജി. കോളേജിലെ കാപാലിക സംഘം യഥാർത്ഥത്തിൽ മനുഷ്യാവകാശ ലംഘനമാണ് നടത്തുന്നത്. ഇവരുടെ കിരാതവാഴ്ചയ്ക്കെതിരെ പൊതുവെ പ്രതികരിക്കേണ്ട കാലം വൈകിയിരിക്കുകയാണ്. ഗവൺമെന്റ് ഇക്കാര്യത്തെക്കുറിച്ച് ഗൗരവത്തോടുകൂടി അന്വേഷിക്കുകയും ആവശ്യമായ നടപടി സ്വീകരിക്കുകയും ഈ പതിനഞ്ച് വിദ്യാർത്ഥികൾക്ക് കോളേജിനകത്ത് കയറി പഠനം നടത്താൻ ആവശ്യമായിട്ടുള്ള സാഹചര്യം ഒരുക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, തിരുവനന്തപുരം എം.ജി. കോളേജിലെ രണ്ടാംവർഷ പ്രീഡിഗ്രി വിദ്യാർത്ഥിയും എസ്.എഫ്.ഐ. പ്രവർത്തകനുമായ ഷാനവാസിനെ 24.11.1999-ന് വൈകിട്ട് നാല് മണിയോടെ പരുത്തിപ്പാറ ജംഗ്ഷനിൽവച്ച് എ.ബി.വി.പി. പ്രവർത്തകരായ ചിലർ ചേർന്ന് ദേഹോപദ്രവമേൽപ്പിച്ചശേഷം കോട്ടയ്ക്കകത്തുള്ള ആർ.എസ്.എസ്. കാര്യാലയത്തിൽ ബലമായി പിടിച്ചുകൊണ്ടുപോയി മർദ്ദിച്ചു. ഇക്കാര്യത്തിന് ക്രൈം 290/99-ാം നമ്പരായി പേരൂർക്കട പോലീസ് സ്റ്റേഷനിൽ ഷാനവാസിന്റെ പരാതിപ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളിൽപ്പെട്ട ഏഴുപേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയുംചെയ്തു. എസ്.എഫ്.ഐ.-ൽ പ്രവർത്തിക്കുന്നുവെന്നതാണ് വിരോധകാരണം. തുടർന്ന് 1.12.1999 രാവിലെ മാർ ഇവാനിയോസ് കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥിയും, എസ്.എഫ്. ഐ. യൂണിറ്റ് ജോയിന്റ് സെക്രട്ടറിയുമായ രഞ്ജിത് തന്റെ സഹോദരിയോടൊത്ത് ഒരു മോട്ടോർ സൈക്കിളിൽ പോകുമ്പോൾ എം.ജി. കോളേജിലെ എ. ബി.വി.പി. പ്രവർത്തകരായ ചിലർ ചേർന്ന് പരുത്തിപ്പാറ ജംഗ്ഷനിൽവച്ച് തടഞ്ഞുനിർത്തി രഞ്ജിത്തിനെ ദേഹോപദ്രവമേൽപ്പിച്ചു. ഇതു സംബന്ധിച്ച് പേരൂർക്കട പോലീസ് സ്റ്റേഷനിൽ ക്രൈം 294/99-ാം നമ്പരായി മറ്റൊരു കേസും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. എം.ജി. കോളേജിൽ ഇതര വിദ്യാർത്ഥി സംഘടനകൾക്ക് പ്രവർത്തന സ്വാതന്ത്ര്യം നിഷേധിക്കുന്നതായി പരാതികളുണ്ടാകുന്നുണ്ട്. നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കും അക്രമങ്ങൾക്കുമെതിരെ ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

### (3) മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷകളിൽ നടന്ന ക്രമക്കേടുകൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, കേരളത്തിലെ മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷകളിൽ നടന്ന ക്രമക്കേടുകൾ ഒരു സ്വകാര്യബിൽ അവതരിപ്പിച്ചുകൊണ്ട് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. സർ, ഈ രംഗം കുറ്റമറ്റതാണെന്നുള്ള നിലപാടാണ് തുടക്കത്തിൽ സർക്കാരിനുണ്ടായിരുന്നത്. ഇക്കാര്യം പരിശോധിക്കുന്നതിന് മോണിറ്ററിംഗ് കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ഈ പ്രശ്നം കേരള ഹൈക്കോടതിയിൽ എത്തുകയും 59 ചോദ്യങ്ങൾ തെറ്റാണെന്ന് കണ്ടെത്തുകയും ചെയ്തു. ഈ സാഹചര്യത്തിൽ കോഴിക്കോട് ആർ.ഇ.സി. പ്രിൻസിപ്പൽ ഡോ. എം.ജി. ചന്ദ്രശേഖരന്റെ നേതൃത്വത്തിൽ നിലവിലുള്ള സംവിധാനത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് ആവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ഈ കമ്മിറ്റി തെളിവെടുപ്പു നടത്തി വളരെയേറെ സ്വാഗതാർഹമായ നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഒരു ആട്ടോണമസ് സ്റ്റാറ്റ്യൂട്ടറി എൻട്രൻസ് കമ്മീഷൻ വേണമെന്നുള്ളതാണ്. ഈ പ്രശ്നത്തിൽ ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയുടെ നിലപാട് ഒരു ആട്ടോണമസ് കമ്മിഷൻ രൂപീകരിക്കുന്നതിന് നിയമനിർമ്മാണം നടത്തേണ്ട യാതൊരു അത്യാവശ്യവും നിലവിലില്ല എന്നു തോന്നുന്ന തരത്തിലാണ്. ഈ നിലപാട് ശരിയല്ല. എക്സ്പെർട്സ് കമ്മിറ്റി നിലവിലുള്ള സംവിധാനത്തിൽ ഈ രംഗത്ത് ആകെ നിലനിൽക്കുന്ന ക്രമക്കേടുകളെക്കുറിച്ച് പരാമർശിക്കുകയുണ്ടായിട്ടുണ്ട്. ഈ ക്രമക്കേടുകൾ നട

LIBRARY ARCHIVES Kerala Legislative Assembly